**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിലെ (SIAD) പുതിയ ടോക്സിക്കോളജി ലബോറട്ടറി സമുച്ചയത്തിന്റേയും കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായ ടോക്സിൻ റെസിഡ്യൂ അനലിറ്റിക്കൽ വിഭാഗത്തിന്റേയും ഉദ്ഘാടനം**

പക്ഷിമൃഗാദികളിലെ വിഷബാധ മൂലമുള്ള മരണം, അവയുടെ തീറ്റയിലടങ്ങിയിട്ടുള്ള മൈക്കോടോക്സിനുകൾ എന്നിവ ടെസ്റ്റ് ചെയ്തു വരുന്നത് മൃഗസംരക്ഷണ വകുപ്പിന്റെ സംസ്ഥാനതല റഫറൽ ലബോറട്ടറിയായ SIAD - ലെ ടോക്സിക്കോളജി വിഭാഗത്തിലാണ്. ഈ വിഭാഗത്തിനായി, 4.5 കോടി രൂപ മുതൽമുടക്കിൽ, പുതിയ ലബോറട്ടറി സമുച്ചയം സജ്ജമായിരിക്കുന്നു.

ടോക്സിക്കോളജി വിഭാഗത്തിൽ, റീബിൽഡ് കേരള ഇനിഷിയേറ്റീവിന്റെ ധനസഹായത്തോടു കൂടി, കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായ **"ടോക്സിൻ റെസിഡ്യൂ അനലിറ്റിക്കൽ ലബോറട്ടറി"** എന്ന പേരിൽ മൃഗസംരക്ഷണ മേഖലയിലെ ടോക്സിൻ റെസിഡ്യൂ പരിശോധന നടത്തുന്നതിനായി, കൂടുതൽ അടിസ്ഥാന സൗകര്യങ്ങളോടെ ഒരു ഉപവിഭാഗവും പ്രവർത്തനമാരംഭിക്കുകയാണ്.

ബഹുമാനപ്പെട്ട വാമനപുരം എം. എൽ. എ., അഡ്വ. ഡി. കെ. മുരളി യുടെ അദ്ധ്യക്ഷതയിൽ ചേരുന്ന ചടങ്ങിൽ, ആറ്റിങ്ങൽ എം. പി., അഡ്വ. അടൂർ പ്രകാശിന്റെ സാന്നിദ്ധ്യത്തിൽ, ബഹു. മൃഗസംരക്ഷണ - ക്ഷീരവികസന - മൃഗശാല വകുപ്പ് മന്ത്രി ശ്രീമതി ജെ. ചിഞ്ചുറാണി, 2026 ഫെബ്രുവരി 18 , ബുധനാഴ്ച ഉച്ചക്ക് 2 മണിക്ക്, പ്രസ്തുത ടോക്സിക്കോളജി സമുച്ചയം നാടിന് സമർപ്പിക്കുന്നു.

തദവസരത്തിൽ, ടോക്സിൻ റെസിഡ്യൂ അനലിറ്റിക്കൽ വിഭാഗം LC-MS/MS, GC-MS/MS സ്വിച്ച് ഓൺ കർമ്മവും, ആന്റി മൈക്രോബിയൽ പ്രതിരോധ (AMR) അവബോധ പോസ്റ്റർ പ്രകാശനവും നടത്തുന്നു.

ലിക്വിഡ് ക്രോമാറ്റോഗ്രഫി-മാസ് സ്പെക്ട്രോമെട്രി / മാസ് സ്പെക്ട്രോമെട്രി (LC-MS / MS), ഗ്യാസ് ക്രോമാറ്റോഗ്രഫി - മാസ് സ്പെക്ട്രോമെട്രി / മാസ് സ്പെക്ട്രോമെട്രി (GC-MS / MS) എന്നിവ ഉപയോഗിച്ച്, വിവിധ കന്നുകാലി, കോഴി ഉൽപ്പന്നങ്ങളിലെ (മാംസം, മുട്ട, അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ) കീടനാശിനികൾ, ആന്റിബയോട്ടിക്

റെസിഡ്യൂ തുടങ്ങിയ ടോക്സിൻ റെസിഡ്യൂ കണ്ടെത്തുന്നതിനും, അളക്കുന്നതിനുമുള്ള സൗകര്യം ഇവിടെ സ്ഥാപിതമാകുകയാണ്.

മാംസം, മുട്ട തുടങ്ങിയ പക്ഷിമൃഗാദികളിൽ നിന്നുള്ള ഭക്ഷ്യ വസ്തുക്കൾക്കും അവയുടെ ഉൽപന്നങ്ങൾക്കും ഗുണമേന്മ ഉറപ്പുവരുത്തുന്നതിലൂടെ, മൂല്യവർദ്ധനവ് വരുത്താനും തൻമൂലം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുവാനും, പൊതുജനാരോഗ്യം സംരക്ഷിക്കുവാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇതിനുപുറമെ, മൃഗങ്ങളിലെ വിഷബാധ നിർണയ സംവിധാനവും ഈ സൗകര്യം സ്ഥാപിക്കുന്നതിലൂടെ സാധ്യമാകും.

മാംസം, മാംസോല്പ്പന്നങ്ങൾ എന്നിവയിലെ ആൻറിബയോട്ടിക്ക്, കീടനാശിനികളുടെ സാന്നിദ്ധ്യം സ്ഥിരീകരിക്കുന്നതു വഴി, കേരളത്തിൽ ഇറച്ചിക്കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിനും, കെപ്കോ, കുടുംബശ്രീ എന്നിവരുടെ സംസ്കരണ പ്ലാൻറുകൾക്കും റീട്ടെയിൽ ഔട്ട്ലെറ്റുകൾക്കും മികച്ച ഗുണനിലവാരമുള്ള ആൻറിബയോട്ടിക്ക് - വിഷ രഹിത കോഴിഇറച്ചി വിതരണം ഉറപ്പാക്കുന്നതിനും സാധിക്കുന്നു.

റീബിൽഡ് കേരള ഇനിഷിയേറ്റിവ് (RKI) ഫണ്ട് മുഖാന്തിരം കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി ഈ സ്ഥാപനത്തിന് ടെസ്റ്റിംഗ് ഫെസിലിറ്റി ശക്തിപ്പെടുത്തൽ (Strengthening of testing facility) എന്ന ഘടകത്തിലും, മോണിറ്ററിംഗിന് (ഹാർഡ് വെയറും സോഫ്റ്റ് വെയറും) ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് എന്ന ഘടകത്തിലും ചേർത്ത് 3.6 കോടി രൂപ അനുവദിച്ചതിലൂടെയാണ് ഈ ടെസ്റ്റിംഗ് നടത്തുന്നതിനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനു സാധിച്ചത്.

മൃഗസമ്പത്തും പൊതുജനാരോഗ്യവും സംരക്ഷിക്കുന്നതിനു ഭക്ഷ്യ വസ്തുക്കളിലെ വിഷ രാസ അവശിഷ്ടങ്ങളുടെ സാന്നിധ്യം കണ്ടെത്തേണ്ടത് അനിവാര്യമായ ഒന്നാണ് . അതിനാൽ SIAD ൻറെ ടോക്സിക്കോളജി വിഭാഗത്തിന് കീഴിൽ സജ്ജീകരിച്ചിരിക്കുന്ന **“ടോക്സിൻ റെസിഡ്യൂ അനലിറ്റിക്കൽ ലബോറട്ടറി** കേരളത്തിന്റെ ഭക്ഷ്യ സുരക്ഷക്കു അത്യന്താപേക്ഷിതമാണ്.

ഇതിനുപുറമെ, പക്ഷിമൃഗാദികളിലെ, വിഷബാധ നിർണയ സംവിധാനവും ഈ സൗകര്യം സ്ഥാപിക്കുന്നതിലൂടെ സാധ്യമാകും.

ആന്റിമൈക്രോബിയൽ പ്രതിരോധം (AMR) പൊതുജനാരോഗ്യത്തിന് വലിയ ഭീഷണിയായ സാഹചര്യത്തിൽ, കേരള ആന്റിബയോട്ടിക് റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാനിന്റെ (KARSAP) ഭാഗമായി, പരിശോധന, നിരീക്ഷണം, അവബോധം എന്നീ മേഖലകളിൽ SIAD സജീവമായി പ്രവർത്തിക്കുന്നു. 'One Health' ആശയം മുൻനിർത്തി മനുഷ്യർ, മൃഗങ്ങൾ, പരിസ്ഥിതി എന്നിവ തമ്മിലുള്ള ആരോഗ്യബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ഈ പ്രവർത്തനങ്ങൾ. ഇതിന്റെ ഭാഗമായി, കേരളത്തിലെ എല്ലാ മൃഗസംരക്ഷണ സ്ഥാപനങ്ങളിലും പ്രദർശിപ്പിക്കുന്നത്തിനായി, ആന്റിമൈക്രോബിയൽ പ്രതിരോധത്തെക്കുറിച്ചുള്ള അവബോധ പോസ്റ്ററും ഇവിടെ പ്രകാശനം ചെയ്യുന്നു.

മേല്പറഞ്ഞ സംവിധാനങ്ങളെക്കുറിച്ചുള്ള വിവരം, ജനങ്ങളിലേക്ക് എത്തിക്കുവാനും കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുമായി മൃഗസംരക്ഷണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് **"RECENT TRENDS IN ANALYSIS OF PESTICIDES AND ANTIBIOTIC RESIDUES IN LIVESTOCK AND POULTRY PRODUCTS"** എന്ന വിഷയം ആസ്പദമാക്കി, രണ്ടു സെഷനുകളിലായി ഒരു സെമിനാറും സംഘടിപ്പിച്ചിരിക്കുന്നു.

രാഷ്ട്രീയ സാമൂഹിക രംഗത്തെ പ്രമുഖരും ഗവേഷകരും മറ്റു വിശിഷ്ട വ്യക്തികളും പ്രസ്തുത ചടങ്ങിൽ പങ്കെടുക്കുന്നു.